# പ്രകൃതിക്ഷോഭങ്ങൾ എങ്ങനെ ദുരന്തങ്ങളാവുന്നു? കേരളത്തിൻറെ വികസന നേട്ടങ്ങൾ- ഒരു മുന്നറിയിപ്പ്- Kerala refuses to learn from the bitter aftermath of recurring natural calamities

manoramaonline.com/environment/environment-news/2023/01/14/kerala-refuses-to-learn-from-the-bitter-aftermath-of-recurring-natural-calamities.html



വികസനസൂചികകളിൽ പലതിലും ഇന്ത്യയിൽ ഒന്നാംസ്ഥാനത്തു നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ആരോഗ്യപരിപാലനം, വിദ്യാഭ്യാസ നിലവാരം, ജീവിത നിലവാരം, എന്നിവയിലൊക്കെ ഈ നേട്ടം പ്രതിഫലിച്ചുകാണുന്നു. വിസ്തൃതി കൊണ്ട് ചെറുതെങ്കിൽത്തന്നെയും വികസന അസമത്വവും ജനസംഖ്യയും ജനവിന്യാസവും ഉയർത്തുന്ന വെല്ലുവിളികൾ മറികടന്നു കൊണ്ടാണ് സംസ്ഥാനം ഈ നേട്ടങ്ങൾ സഫലീകരിച്ചത്. ദേശീയ- രാജ്യാന്തര സംവാദങ്ങളിൽ പ്രശംസ നേടുന്ന ഈ വികസന മാതൃകയുടെ ധനതത്വശാസ്ത്രപരമായ നിലനിൽപല്ല ഇവിടെ വിശകലനം ചെയ്യുന്നത്. വർധിച്ചുവരുന്ന ബഹുമുഖ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ, കേരളത്തിൻറെ മാനവവികസന സൂചികകൾ എത്രകണ്ടു സുദൃഢമാണെന്നതിൻറെ ഒരു ചുരുങ്ങിയ അവലോകനമാണ് ഈ കുറിപ്പ്.

പ്രതിസന്ധികൾ പലതരമുണ്ടെങ്കിലും സാധാരണ ജനങ്ങളുടെ ജീവനും ജീവനോപാധികൾക്കും ഒരുപോലെ ഭീഷണിയാകുന്ന പ്രതിസന്ധികളാണ് ഇവിടെ വിഷയം. ഇവ മനുഷ്യജന്യമല്ലെന്നു പറയാനാവില്ലെങ്കിലും പൊതുവേ അറിയപ്പെടുന്നത് പ്രകൃതി ദുരന്തങ്ങളായിട്ടാണ്. ഇവയിൽ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കുകയും കൂടുതൽ ജനങ്ങളെ ബാധിക്കുകയും ഇടവേളകൾ കുറഞ്ഞ് കൂടുതൽ തവണ ഉണ്ടാകുകയും, ചെയ്യുന്നു എന്ന് വാർത്താ മാധ്യമങ്ങളും പഠനങ്ങളും പറയുന്നുണ്ട്. ഇവ നിലവിലുള്ള വികസന അസമത്വത്തോടു ചേർന്നുകൊണ്ട് മാനവ വികസന സൂചികകളെ ദുർബലമാക്കാനുള്ള സാധ്യത വലുതാണ്. ഇത്തരം ദുരന്തങ്ങൾ പരമാവധി കുറയ്ക്കാനും വികസന സൂചികകൾ ദുർബലമാകാതിരിക്കാനുമുള്ള നയങ്ങളും സംവിധാനങ്ങളും കേരളം ഉറപ്പുവരുത്തിയിട്ടുണ്ടോ എന്നു നോക്കാം.

**പ്രകൃതിക്ഷോഭങ്ങൾ എങ്ങനെ ദുരന്തങ്ങളാവുന്നു?**

സഹ്യപർവതത്തിനും അറബിക്കടലിനുമിടയിലുള്ള ഈ ഭൂപ്രദേശത്തിൻറെ സവിശേഷതകൾ ക്രിസ്തുവിന് രണ്ടു നൂറ്റാണ്ടു മുമ്പെഴുതപ്പെട്ട സംഘസാഹിത്യം മുതൽ ബ്രിട്ടിഷ് ഭരണകർത്താക്കളുടെ റിപ്പോർട്ടുകളിലും യാത്രാവിവരണങ്ങളിലും വരെ പ്രതിപാദിച്ചിട്ടുണ്ട്. ഈയിടങ്ങളിലെ നദികളും മഴയും വെള്ളപ്പൊക്കവും ഇതിൽപെടുന്നു. ഉരുൾപൊട്ടലും മണ്ണിടിച്ചിലും വളരെ വിരളമായേ ഈ സാഹിത്യങ്ങളിൽ പരാമർശിച്ചിട്ടുള്ളൂ. 1924 ലെ വെള്ളപ്പൊക്കവും കെടുതിയും ഈ അടുത്തു മറഞ്ഞുപോയ രണ്ടു തലമുറകൾ പലപ്പോഴും അയവിറക്കിയിരുന്ന ഓർമയാണ്. ഈ അനുഭവ കഥകൾ അടുത്ത രണ്ടു തലമുറകൾ കേട്ടുകൊണ്ടിരിക്കവേയാണ് കേരളത്തിലെ നദികളിൽ 75 ലധികം അണക്കെട്ടുകൾ നിലവിൽ വന്നത്. അങ്ങിനെ പുഴകളും പുഴയോര പ്രദേശങ്ങളും വനങ്ങളും വനയോര മേഖലയും സാരമായിത്തന്നെ മാറിക്കൊണ്ടിരുന്നു. അതിനൊപ്പം ജനസംഖ്യ അഭൂതപൂർവമായി വർധിച്ച പത്തൊൻപതാം നൂറ്റാണ്ടിൻറെ അവസാന കാലങ്ങളിൽ, മലയോരങ്ങളിൽ വ്യാപകമായി നിലവിൽ വന്ന ഒറ്റവിള തോട്ടമേഖലയിലാണ് മണ്ണിടിച്ചിലും ഉരുൾപൊട്ടലും കൂടുതലായി കാണപ്പെടാൻ തുടങ്ങിയതെന്ന് പഠനങ്ങൾ പറയുന്നു.



ചിത്രം:മനോരമ

2018 ൽ മാത്രമുണ്ടായ കെടുതികൾ 50 ലക്ഷം ജീവിതങ്ങളെ ബാധിച്ചു. നാനൂറിലധികം ജീവനുകൾ പൊലിയുകയും ആഭ്യന്തര സാമ്പത്തിക വളർച്ചയുടെ 2.6% വരുന്ന നാശനഷ്ടങ്ങളുണ്ടാക്കുകയും ചെയ്തു. അടുത്ത രണ്ടു വർഷങ്ങളിൽ ഒറ്റപ്പെട്ട ഇടങ്ങളിൽ തുടരെയുണ്ടായ മണ്ണിടിച്ചിലിലും മറ്റും 180ലധികം ജീവനുകൾ നഷ്ടമായി. തുടർച്ചയായി വരുന്ന ദുരന്തങ്ങൾ പഠിക്കാനും പരിഹാരങ്ങളും മറ്റും നിർദേശിക്കാനുമായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ടിൽ പ്രകൃതിക്ഷോഭങ്ങളെ മനുഷ്യ ദുരന്തമാക്കി മാറ്റുന്ന ഘടകങ്ങൾ വ്യക്തമാക്കുന്നുണ്ട്. മനുഷ്യജന്യമായ ഇത്തരം ഘടകങ്ങൾ കാടുകളെ ശോഷിപ്പിച്ചും അണക്കെട്ടുകളിലേക്ക് കുന്നിൻ ചെരിവുകളിൽനിന്നു മണ്ണൊലിപ്പ് കൂട്ടിയും ചെരിവുകളിൽ നിലനിൽക്കുന്ന തോട്ടങ്ങളിലെ മണ്ണിനടിയിൽ ദീർഘമായ കുഴലുകൾ സൃഷ്ടിച്ചും കെടുതികൾക്ക് ആക്കം കൂട്ടിയെന്നു വ്യക്തമാക്കുന്നതാണ് ഈ റിപ്പോർട്ട്. ഇപ്പോൾ ആലപ്പുഴയൊഴിച്ചുള്ള 14 ജില്ലകളും ഉരുൾപൊട്ടലിനു സാധ്യതയുള്ളവയും അവയിൽ 4 ജില്ലകൾ വളരെയധികം അപകട സാധ്യതയുള്ളവയുമാണെന്ന് തിരിച്ചറിഞ്ഞിരിക്കുന്നു.

**സ്ഥിതിവിവരക്കണക്കുകളോടുള്ള അവഗണന**

മേൽപറഞ്ഞ കമ്മിറ്റിയുടെ റിപ്പോർട്ടിൽ സമർഥിക്കുന്ന ദുരന്ത സാധ്യതയെ നിയന്ത്രിക്കുന്ന ഘടകങ്ങളെ കുറിച്ചുള്ള സ്ഥിതിവിവര കണക്കുകൾ ഉപയോഗിക്കാവുന്ന വിധത്തിൽ ലഭ്യമായി കാണുന്നില്ല. 1975 മുതൽ നിലവിലുള്ള ഭൂവിനിയോഗ ബോർഡ് ഇതുവരെ ശേഖരിച്ചിട്ടുള്ള സ്ഥിതിവിവരക്കണക്കുകൾ ഒരു സംതുലിത ഭൂവിനിയോഗ പദ്ധതിക്കായി സർക്കാർ വകുപ്പുകൾ വിനിയോഗിക്കുന്നതായി കാണുന്നില്ല. കേരളത്തിൻറെ മൂന്ന

ജൈവിക-ഭൂമിശാസ്ത്ര മേഖലകളിൽ മലനാടുകളിൽ മാത്രമാണ് സ്വാഭാവിക ജൈവ വൈവിധ്യം നിലവിൽ ഉള്ളത്. തീരദേശങ്ങളിലും ഇടനാടുകളിലും നിലനിന്നിരുന്ന നൈസർഗിക ഭൂപ്രകൃതി ഇപ്പോൾ അത്യപൂർവമായേ കാണാനുള്ളൂ.



കനത്ത മഴയിൽ മുങ്ങിയ മലപ്പുറം കിഴക്കെത്തലയിലെ പാടങ്ങൾ ഫയൽ ചിത്രം•മനോരമ

കണക്കുകൾ സൂചിപ്പിക്കുന്നത് പശ്ചിമഘട്ട മേഖലയിലെ വനത്തിൻറെ വിസ്തൃതി നാലു ദശാബ്ദങ്ങളായി കുറയാതെ നിൽക്കുന്നു എന്നാണ്. എന്നാൽ വനങ്ങളിലെ ജൈവവൈവിധ്യം നിലനിൽക്കുന്നുണ്ടോ എന്നു മനസ്സിലാക്കാൻ ആവശ്യമായ കണക്കുകൾ ലഭ്യമല്ല. കുറച്ചെങ്കിലുമൊക്കെ കാണാൻ കഴിഞ്ഞിരുന്ന തീരദേശങ്ങളിലെ കണ്ടൽ വനങ്ങളും ഇടനാടുകളിലെ സർപ്പക്കാവുകളും നീർത്തടങ്ങളും നാമാവശേഷമായിക്കൊണ്ടിരിക്കുമ്പോൾ, പ്രകൃതിക്ഷോഭങ്ങൾ ദുരന്തങ്ങളാക്കി മാറ്റാതിരിക്കുന്നതിൽ ഇവ വഹിക്കുന്ന പങ്ക് കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ചുള്ള പഠനങ്ങൾ എടുത്തു പറഞ്ഞുകൊണ്ടിരിക്കുന്നു. മലനാടുകളിലെ റോഡുകളും ക്വാറികളും തോട്ടങ്ങളും കെട്ടിടങ്ങളും കൃത്യമായ പഠനങ്ങളിലൂടെ, വികസന ദുരന്തങ്ങളാകാതെതന്നെ ആസൂത്രണം ചെയ്യാൻ നമ്മുടെ പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്തു കണ്ടില്ല. ഇത്തരം പ്രാദേശിക ആസൂത്രണ പദ്ധതികൾക്കാവശ്യമായ ശാസ്ത്ര, സാങ്കേതിക, സ്ഥിതിവിവര നൈപുണ്യങ്ങളും കേരളത്തിൽ ദുർലഭമല്ല. ഗവേഷണസ്ഥാപനങ്ങൾ അങ്ങോളമിങ്ങോളമുള്ള സംസ്ഥാനത്ത് പ്രദേശികാടിസ്ഥാനത്തിൽ ദുരന്തങ്ങൾ ഒഴിവാക്കിക്കൊണ്ടു ഭൂവിനിയോഗം ആസൂത്രണം ചെയ്യുക എന്നത് രാഷ്ട്രീയാതീതമായി ചിന്തിച്ചാൽ അത്രയൊന്നും ബുദ്ധിമുട്ടില്ലാത്തതാണെന്ന് കാണാം.

**വികസനവും മാനവ-സാമൂഹിക അഭിവൃദ്ധിയും — ഒരടി മുന്നോട്ട്; രണ്ടടി പിന്നോട്ടും**

കഴിഞ്ഞ നൂറ്റാണ്ടിൻറെ രണ്ടാം പാദത്തിൽ കേരളം പുരോഗമനോൻമുഖമായ പല നയങ്ങളും നടപ്പാക്കി. കേരള ഭൂപരിഷ്കരണ നിയമവും (1963) പല കാലഘട്ടങ്ങളിലായി നടപ്പിലാക്കിയ വനസംരക്ഷണ നിയമങ്ങളും, ഭൂമിയില്ലാത്തവർക്കു കൃഷി ഭൂമിയും കാർഷികവൃത്തിക്കും ജീവിതക്ഷേമത്തിനുമാവശ്യമായ പാരിസ്ഥിതിക സുരക്ഷയും ഉറപ്പുവരുത്താൻ ഉതകേണ്ടതാണ്. ഭൂപരിഷ്കരണത്തിൻറെ രാഷ്ട്രീയസമ്മതി വളരെ വേഗം നഷ്ടപ്പെടുകയും ഭക്ഷ്യ വിളകളും നാണ്യ വിളകളും വനപ്രദേശങ്ങളിൽ പ്രോൽസാഹിപ്പിക്കുന്നത്, ഭക്ഷ്യ ക്ഷാമം എന്ന ഭീതി നമ്മെ വിട്ടുപോയിട്ടും തുടർന്നുപോന്നതും ഒത്തുചേർന്നപ്പോൾ, ഭൂമിയില്ലാത്തവർക്ക് നൈസർഗിക ഭൂപ്രദേശങ്ങളിൽനിന്നു പട്ടയങ്ങൾ വിതരണം ചെയ്യുന്നതു പതിവായി.

സംസ്ഥാനത്തിൻറെ ഭൂപ്രകൃതിയുടെ സവിശേഷതകൾ അംഗീകരിക്കുന്ന നിയമങ്ങളും കുറവല്ല. കേരള നെൽവയലും നീർത്തടവും സംരക്ഷണ നിയമവും (2008), തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനവും (2019) മനുഷ്യജീവനും ജീവനോപാധികൾക്കും സംരക്ഷണം നൽകാനുദ്ദേശിച്ചിരുന്നെങ്കിൽ, കേരള നഗര-ഗ്രാമാസൂത്രണ നിയമം (2016) നാഗരീകരണം കൊണ്ടുണ്ടാകുന്ന ഭൂവിനിയോഗ വ്യതിയാനങ്ങൾക്കു മാർഗനിർദേശം നല്കാനും അവയെ തുടർച്ചയായി നിരീക്ഷിക്കാനുള്ള സംവിധാനം ഉറപ്പുവരുത്താനും ഉദ്ദേശിച്ചുള്ളതായിരുന്നു.



പാലക്കാട് നെന്മാറയിലുണ്ടായ ഉരുൾ പൊട്ടൽ. ഫയൽ ചിത്രം•മനോരമ

നൈസർഗിക ഭൂപ്രകൃതിയെ അപേക്ഷിച്ച് നോക്കുമ്പോൾ മനുഷ്യവാസമുള്ള പ്രദേശങ്ങളിലെ ഭൂവിനിയോഗത്തെക്കുറിച്ച് കണക്കുകൾ സുലഭമാണ്. തീരെ ചുരുങ്ങിവന്ന നെൽപാടങ്ങളും നീർത്തടങ്ങളും ഇല്ലാതായ മേച്ചിൽപ്പുറങ്ങളും അവയിലൊക്കെ പരക്കെ ഉയർന്നു വന്ന നിർമിതസ്ഥാനങ്ങളും കണക്കുകളിൽ വ്യക്തമാണ്. ദുരന്തബാധിത പ്രദേശങ്ങളിലെ ഭൂവിനിയോഗത്തിൽ കാലക്രമേണ വന്ന ഇത്തരം വ്യതിയാനങ്ങളുടെ സ്ഥിതിവിവരങ്ങൾ പ്രാദേശിക ഭരണസംവിധാനങ്ങൾ ഇപ്പോഴും കാര്യമായ ചർച്ചക്കെടുക്കാറില്ല. സിഎജി (കൺട്രോളർ & ഓഡിറ്റർ ജനറൽ) റിപ്പോർട്ടനുസരിച്ച് വൻതോതിലുള്ള പൊതുഭൂമി കയ്യേറ്റം തുടരുകയാണ്.

കടലെടുത്തുകൊണ്ടിരിക്കുന്ന തീരദേശങ്ങളും ഇടിഞ്ഞുകൊണ്ടിരിക്കുന്ന മലമ്പ്രദേശങ്ങളും അവയുടെ ഇടുങ്ങിയ ഇടനാഴിയിൽ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന തിങ്ങിയ ആവാസകേന്ദ്രങ്ങളും ചേർന്ന ഭൂപ്രകൃതിയിൽ ജീവിക്കുന്നവരാണ് കേരള സമൂഹം. ദീർഘകാല ക്ഷേമത്തിനായുള്ള നിയമങ്ങളും സംവിധാനങ്ങളും ധാരാളമായിരിക്കെത്തന്നെ ഇവിടെ അസമത്വങ്ങൾ വികസന മാനദണ്ഡങ്ങളിൽ നിന്നു ജീവസുരക്ഷയിലേക്ക് കടന്നിരിക്കുന്നു. കേരളത്തിലെ രാഷ്ട്രീയ, സാമൂഹിക, ഭരണനിർവഹണ, ഗവേഷണ സംവിധാനങ്ങൾ കാലോചിതമായ വസ്തുതാപരിശോധനക്ക് തയ്യാറല്ല എങ്കിൽ മാനവ വികസന സൂചികയും സുസ്ഥിര വികസന സൂചികയും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തു സംതൃപ്തി അടയാൻ മാത്രമേ ഉപകരിക്കൂ.

***ലേഖനം തയാറാക്കിയത്: ഡോ. സീമ പുരുഷോത്തമൻ, പ്രൊഫസർ, അസിം പ്രേംജി യൂണിവേഴ്സിറ്റി***

***അമൃത . സി, റിസർച്ച് അസോഷ്യേറ്റ്, അസിം പ്രേംജി യൂണിവേഴ്സിറ്റി***

English Summary: Kerala refuses to learn from the bitter aftermath of recurring natural calamities